**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2320** **12-10-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിന്റെ കീഴിലുള്ള സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ ദീർഘനാളായി കുടിശ്ശികയായി കിടക്കുന്ന വായ്പകൾ ഒറ്റത്തവണ പദ്ധതി മുഖേന തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ? | (എ) | 1). കെ.എഫ്.സി. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 12.08.2021 -ൽ കൂടിയ കെ.എഫ്.സി ബോർഡ് യോഗത്തിൽ "കോവിഡ് സ്പെഷ്യൽ ലോൺ സെറ്റിൽമെന്റ് അദാലത്ത് 2021 "ഒക്ടോബർ 2021 ആദ്യവാരം നടത്തുവാൻ തീരുമാനിക്കുകയും പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുകയുമാണ്. 3). കെ.എസ്.എഫ്.ഇ സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കെ.എസ്.എഫ്.ഇ യിൽ ആശ്വാസ് 2020 എന്ന പേരിലുള്ള ഒറ്റത്തവണ പദ്ധതി മുഖേന, ദീർഘനാളായി കുടിശ്ശികയായിട്ടുള്ളതും റവന്യൂ റിക്കവറി നടപടികൾ നേരിടുന്നതുമായ വായ്പാ അക്കൗണ്ടുകൾ തീർപ്പാക്കുന്നതിന് 01.07.2020 മുതൽ കുടിശ്ശികക്കാർക്ക് കുടിശ്ശിക തീയതിയെ അടിസ്ഥാനപ്പെടുത്തി 50% മുതൽ 90% വരെ പലിശ ഇളവ് നൽകിക്കൊണ്ടുള്ള പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയുടെ കാലാവധി 23.10.2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ ശാഖകളിൽ കുടിശ്ശികയായി കിടക്കുന്ന വായ്പകൾക്കും പൂർണമായും പിഴപ്പലിശ ഒഴിവാക്കിക്കൊണ്ട് 01.10.2020 മുതൽ 23.10.2021 വരെ നിലനിൽക്കുന്ന പദ്ധതിയുമുണ്ട്. അതിനുപുറമെ, കോവിഡ് കാലത്തെ സ്പെഷ്യൽ പാക്കേജ് എന്ന നിലക്ക് 16.03.2020 മുതൽ 20.01.2021 വരെയും 21.01.2021 മുതൽ 23.10.2021 വരെയും വായ്പാകുടിശ്ശിക തീർപ്പാക്കുന്നതിന് സമയം അനുവദിച്ചു കൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ